# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **3115**

21/06/2013 - ലെ മറുപടിയ്ക്ക്

## കാർഷിക ദുരിതാശ്വാസത്തിന് കേന്ദ്രസഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. പി.തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്തുണ്ടായ വരൾച്ചയുമായി ബന്ധപ്പെട്ടുണ്ടായ കൃഷിനാശത്തിന്റെ കണക്ക് കൃഷി വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടിയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്; | **(എ)** ഉണ്ട്. 2012-2013 വർഷത്തിൽ ഖാരിഫ് സീസണും റാബി സീസണും ചേർത്ത് 7503.35 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കുന്നു.. |
| **(ബി)** കാർഷിക ദുരിതാശ്വാസത്തിനായി കേന്ദ്രത്തോട് പ്രത്യേക സാമ്പത്തിക സഹായത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ? | **(ബി)** നാലു ജില്ലകളെ വരൾച്ചാബാധിതമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് കൃഷിയുൾപ്പെടെ വിവിധ മേഖലകൾക്ക് വേണ്ടി 1995 കോടി രൂപയുടെയും സംസ്ഥാനമൊട്ടാകെ വരൾച്ചാബാധിതമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് 7888.0965 കോടി രൂപയുടെയും അധികധനസഹായത്തിനുള്ള മെമ്മോറാണ്ടം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.. കൂടാതെ പ്രത്യേക പാക്കേജായി 3936.81 കോടി രൂപ അനുവദിക്കണമെന്നും പ്രധാനമന്ത്രിയോട് അപേക്ഷിച്ചിട്ടുണ്ട്.<br>നാല് ജില്ലകളെ വരൾച്ചാബാധിതമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ച 1995 കോടി രൂപയുടെ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് 62.61 കോടി രൂപ വരൾച്ചാ ദുരിതാശ്വാസത്തിനായി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതിൽ നിന്ന് 18.31 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ